## അപകടം സംബന്ധിച്ച നോട്ടീസ് നിർദ്ദിഷ്ട മാതൃകയിൽ തൊഴിലുടമയ്ക്ക് നല്കിയില്ലെന്ന കാരണത്താൽ നഷ്ടപരിഹാരം നിഷേധിക്കാനാവില്ല
## അലഹബാദ് ഹൈക്കോടതി

F.A.F.O.D. No. 459/2020 Dt. 2.11.2020

നാഷണൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്

x

സീമ ദേവി

ഉത്തർപ്രദേശിലെ സിവാൻ ജില്ലയിലെ താൽക്കാലിക താമസക്കാരനായ തൊഴിലാളി അതേ ജില്ലയിലെ താമസക്കാരനായ തൊഴിലുടമയുടെ വാഹനത്തിന്റെ ഡ്രൈവറായി ജോലി ചെയ്യുകയായിരുന്നു. പ്രസ്തുത വാഹനം ഇൻഷുർ ചെയ്തിട്ടുള്ളത് അതേ ജില്ലയിലുള്ള ഇൻഷുറൻസ് കമ്പനിയുടെ പ്രാദേശിക ഓഫീസ് വഴിയാണ്. അപ്രകാരമിരിക്കെ തൊഴിലാളി ഓടിച്ചിരുന്ന വാഹനം സിവാൻ ജില്ലയിൽ വച്ച് അപകടത്തിൽപ്പെടുകയും ഡ്രൈവർ തൽക്ഷണം മരണമടയുകയും ചെയ്തു. മരിച്ച തൊഴിലാളിക്ക് സ്വന്തമായി ഭൂമിയില്ലായിരുന്നു. തൊഴിലാളിയുടെ മരണത്തിനു ശേഷം ഭാര്യയും മക്കളുമടങ്ങുന്ന അയാളുടെ കുടുംബം ഗോരഖ്പൂർ ജില്ലയിലേക്ക് താമസം മാറ്റി. അവിടെ താമസിച്ചുവരുമ്പോൾ നഷ്ടപരിഹാരമാവശ്യപ്പെട്ട്, മരിച്ച തൊഴിലാളിയുടെ ആശ്രിതർ ഗോരഖ്പൂർ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ അപേക്ഷ സമർപ്പിച്ചു. അതിനുമുമ്പ് തൊഴിലുടമയ്ക്ക് അപകടത്തെക്കുറിച്ച് നിർദ്ദിഷ്ട മാതൃകയിൽ നോട്ടീസ് നല്കിയിരുന്നില്ല. നിയമാനുസൃത നോട്ടീസ് നല്കാത്തതിനാലും അപകടം നടന്നത് സിവാൻ ജില്ലയിലായതിനാലും ഗോരഖ്പൂർ കമ്മീഷണർക്ക് കേസ് തീർപ്പാക്കാൻ അധികാരമില്ലെന്ന് ഇൻഷുറൻസ് കമ്പനി വാദിച്ചത് കമ്മീഷണർ അംഗീകരിച്ചില്ല. മരിച്ച തൊഴിലാളിയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നല്കണമെന്ന് കമ്മീഷണർ ഇൻഷുറൻസ് കമ്പനിക്ക് നിർദ്ദേശം നല്കി. ഇതിനെതിരെ ഇൻഷുറൻസ് കമ്പനി ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. നഷ്ടപരിഹാരത്തിനുള്ള അപേക്ഷ നല്കുന്നതിനു മുമ്പ് തൊഴിലുടമയ്ക്ക് നോട്ടീസ് നല്കണമെന്ന നിർബ്ബന്ധിത വ്യവസ്ഥ ആശ്രിതർ പാലിച്ചിട്ടില്ലാത്തതിനാൽ കേസ് നിലനില്ക്കില്ലെന്നും സിവാൻ ജില്ലയിലെ കമ്മീഷണർക്ക് മാത്രം പരിഗണിക്കാൻ അധികാരമുള്ള കേസ് ഗോരഖ്പൂർ കമ്മീഷണർ പരിഗണിച്ച് തീർപ്പാക്കിയത് അധികാരപരിധിക്കപ്പുറമുള്ള പ്രവൃത്തിയാണെന്നും ഇൻഷുറൻസ് കമ്പനി വാദിച്ചു. നോട്ടീസ് നല്കണമെന്നത് നിർബ്ബന്ധിത വ്യവസ്ഥയല്ലെന്നും നിർദ്ദേശക വ്യവസ്ഥയാണെന്നും അതിനാൽ നോട്ടീസ് നല്കിയില്ലെന്ന കാരണത്താൽ അപേക്ഷ തള്ളിക്കളയാനാവില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി. അപകടം നടന്നതും തൊഴിലുടമ താമസിക്കുന്നതും മറ്റും സിവാൻ ജില്ലയിൽ ആണെങ്കിലും സ്വന്തമായി ഭൂമിയില്ലാത്ത ആശ്രിതർ അപകടത്തിനു ശേഷം ഗോരഖ്പൂർ ജില്ലയിൽ താൽക്കാലികമായി താമസിക്കുന്നതിനാൽ നഷ്ടപരിഹാരാപേക്ഷ പരിഗണിക്കാൻ ഗോരഖ്പൂർ കമ്മീഷണർക്ക് അധികാരമുണ്ടെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. സാമൂഹ്യ സുരക്ഷാ നിയമങ്ങൾ വ്യാഖ്യാനിക്കുമ്പോൾ സാങ്കേതിക തടസ്സങ്ങൾക്ക് പ്രസക്തിയില്ലെന്ന് നിരീക്ഷിച്ച ഹൈക്കോടതി ഇൻഷുറൻസ് കമ്പനിയുടെ അപ്പീൽ തള്ളിക്കളഞ്ഞു.